പതിമൂന്നാം കേരള നിയമസഭ

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16)

നാലാമത് റിപ്പോർട്ട്

(2014 ജൂലൈ 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16)

നാലാമത് റിപ്പോർട്ട്

(2014 ജൂലൈ 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1082/2014.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
മുഖവുര	..	vii
ആമുഖം	..	ix
റിപ്പോർട്ട്	..	1
അനുബന്ധം	..	8

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
(2014-16)

സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ.

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി

,, കെ. ദാസൻ

,, റോഷി അഗസ്റ്റിൻ

,, വി. പി. സജീന്ദ്രൻ

,, വി. ശിവൻകുട്ടി

,, പി. കെ. ബഷീർ

,, എം. എ. വാഹിദ്

,, എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2014 ജൂലൈ 15-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,
അദ്ധ്യക്ഷൻ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2014 ജൂലൈ 17.

ആമുഖം

ജനക്ഷേമത്തിനും ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി നിയമങ്ങൾ നിർമ്മിക്കുന്ന ജനാധിപത്യ വ്യവസ്ഥിതിയിലെ അടിസ്ഥാന ഘടകമാണ് നിയമനിർമ്മാണസഭ. നിയമങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, അവയുടെ ഭേദഗതികൾ, തിരുത്തലുകൾ തുടങ്ങിയവയും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ, സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ, സർക്കാർ കത്ത് പ്രകാരം ഓഡിറ്റിന് ഏല്പിച്ചിട്ടുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ടുകൾ, കണക്കുകൾ, എൻക്വയറി കമ്മീഷൻ റിപ്പോർട്ടുകൾ എന്നിവയും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ബന്ധപ്പെട്ട ചട്ടങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനത്തിനും വ്യാവസായിക പുരോഗതിക്കും മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ മികച്ച രീതിയിൽ പ്രവർത്തിക്കേണ്ടതും നിലനിൽക്കേണ്ടതും സമൂഹത്തിന്റെ ആവശ്യമാണ്. സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും കണക്കുകളും യഥാസമയം സഭയുടെ മുമ്പാകെ വന്നാൽ മാത്രമെ കണക്കുകളിൽ വന്നുപെടാറുള്ള തെറ്റുകളും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലെ പുരോഗതിയും മാന്ദ്യവും ശ്രദ്ധയിൽപ്പെടുകയും അതുവഴി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാധിക്കുകയുള്ളൂ.

ജനാധിപത്യ പ്രക്രിയയിൽ നിയമസഭാ സാമാജികരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വവും ഫലപ്രദമായി നിർവ്വഹിച്ച് അതുവഴി ജനങ്ങളുടെ ജനാധിപത്യ അവകാശ സംരക്ഷകരായി മാറണമെങ്കിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ യഥാസമയം സാമാജികർക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് ഏതൊരു സർക്കാരിന്റെയും പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. സഭയുടെ മുമ്പാകെ വരുന്ന കടലാസുകൾ ലഭിക്കുവാനും പരിശോധിക്കുവാനുമുള്ള നിയമസഭാ സാമാജികരുടെ അർഹതയും അവകാശവും സാർവ്വത്രികമായി ജനാധിപത്യത്തിൽ അധിഷ്ഠിതമായി അംഗീകരിച്ചിട്ടുള്ളതുമാണ്. ഇതിലൂടെ മാത്രമെ സർക്കാരിന് ഭരണനിർവ്വഹണത്തിൽ വന്നുപോകുന്ന വീഴ്ചകളും കുറവുകളും ക്രമക്കേടുകളും കണ്ടെത്തുവാനും പ്രസ്തുത കണ്ടെത്തലുകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി ഭരണം കുറ്റമറ്റതാക്കാനും അതുമൂലം ഭരണഘടനയുടെ ആമുഖത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതുപോലെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി നിലനില്ക്കാനും കഴിയുകയുള്ളൂ. നിർദ്ദിഷ്ട സമയപരിധി നിർണ്ണയിച്ച് വിവരങ്ങൾ നിയമസഭയിൽ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇവ നിയമസഭയ്ക്ക് ലഭ്യമാക്കാൻ ബാധ്യസ്ഥരായ വിവിധ ഭരണവകുപ്പുകൾ അവ നിശ്ചിത സമയത്തോ, അതിനുശേഷമോ ലഭ്യമാക്കാൻ ശുഷ്കാന്തി കാണിക്കുന്നില്ല. ഇത്തരത്തിൽ വീഴ്ചവരുത്തുന്നത് പലപ്പോഴും നിയമസഭാ സമാജികരുടെ അവകാശാധികാരങ്ങൾ പരിരക്ഷിക്കപ്പെടുന്നതിനുള്ള വിമുഖതയായി പോലും വിലയിരുത്താനിടയുണ്ട്.

റിപ്പോർട്ട്

സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ നിയമാനുസരണം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നുണ്ടോ, അവ സമർപ്പിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ ഉണ്ടെങ്കിൽ അതിന് കാരണം വിശദീകരിക്കുന്നതിന്റെ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ടോ, കാരണങ്ങൾ ന്യായീകരിക്കത്തക്കതാണോ എന്നിവ പരിശോധിക്കുകയും ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന തോടൊപ്പം മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച് ബഹു. സ്പീക്കർ അതതു സമയം ചുമതലപ്പെടുത്തുന്ന മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതും സമിതിയുടെ പ്രവർത്തന ങ്ങളിൽപ്പെടുന്നു.

2. ഗവൺമെന്റ് ഭീമമായ നിക്ഷേപം നടത്തിയിട്ടുള്ള സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനു കളെയും ഗവൺമെന്റ് കമ്പനികളെയും സംബന്ധിച്ച കാലിക പ്രസക്തിയുള്ള ആധികാരിക വിവരങ്ങൾ ലഭ്യമാകുന്നത് ഇവയുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ മുഖേനയാണ്. ഇവ സഭയിൽ സമർപ്പിക്കുന്നതിന് നിയതമായ സമയപരിധിയും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. നിയമാനുസൃത കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, കൂട്ടുടമ കമ്പനികൾ തുടങ്ങിയവയിൽ 2013 മാർച്ച് 31 വരെ സംസ്ഥാനം 4511 കോടി രൂപ മുതൽമുടക്കിയിട്ടുണ്ടെന്നും കഴിഞ്ഞ 5 വർഷ കാലയളവിൽ ഈ മുതൽമുടക്കിൽ നിന്നുള്ള ശരാശരി വരുമാനം 1.3 ശതമാനമായിരുന്നപ്പോൾ ഇതേ കാലയളവിൽ സർക്കാർ എടുത്ത വായ്പകൾക്ക് 7.1 ശതമാനം മുതൽ 7.5 ശതമാനംവരെ ശരാശരി പലിശ കൊടുക്കേണ്ടിവരുന്നതായും സംസ്ഥാനത്തെ സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള 2013 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സി.ആന്റ്എജി.യുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഉടമസ്ഥൻ എന്ന നിലയിൽ ഒരു സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണ വകുപ്പുവഴി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്. സ്ഥാപനങ്ങളുടെ സർക്കാർ മുതൽമുടക്കിന്റെ കണക്കുകൾ സൂക്ഷിക്കലും വിനിയോഗവും സംസ്ഥാന നിയമസഭ നിരീക്ഷിക്കുന്നുണ്ട്. ഇതിനായി അവയുടെ വാർഷിക റിപ്പോർട്ടിനൊപ്പം ഓഡിറ്റ് റിപ്പോർട്ടുകളും അവ പൂർത്തീകരിക്കുന്നതിന്റെ മൂന്ന് മാസത്തിനുള്ളിൽ അല്ലെങ്കിൽ അതത് നിയമങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ സർക്കാരിൽ സമർപ്പിക്കേണ്ടതും സർക്കാർ അതു നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

3. സ്ഥാപനങ്ങളുടെ കണക്കുകളും റിപ്പോർട്ടുകളും സമയബന്ധിതമായി പൂർത്തീകരി ക്കാതെ വരുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ സർക്കാർ മുതൽമുടക്കിയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുവാനായോ എന്നും നിക്ഷേപങ്ങളും ചെലവുകളും ശരിയായി കണക്കിൽ പെടുത്തിയിരുന്നോ എന്നും ഉറപ്പുവരുത്താൻ കഴിയാതെവരും. മാത്രമല്ല കണക്കുകൾ പൂർത്തീകരിക്കുന്നതിൽ കുടിശ്ശിക വരുന്നതുമൂലം സ്ഥാപനങ്ങളുടെ ശരിയായ പ്രവർത്തനഫലം നിർണ്ണയിക്കാനും സാധിക്കുകയില്ല.

4. സർക്കാരിന്റെ ധനസഹായം ലഭിക്കുന്ന വിവിധ സ്ഥാപനങ്ങൾ ധനസഹായത്തിന്റെയും വായ്പകളുടെയും വിനിയോഗ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുന്നതിലുള്ള കാലതാമസം, വിവിധ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും നിർദ്ദേശങ്ങളുടെയും അനുവർത്തനത്തിൽ വിവിധ സർക്കാർ വകുപ്പുകളിലുള്ള ന്യൂനതയെയാണ് സൂചിപ്പിക്കുന്നത്. സ്വയംഭരണ സ്ഥാപനങ്ങളും വകുപ്പുതല വാണിജ്യ സംരംഭങ്ങളും വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. പൊതുഖജനാവിൽ നിന്നുള്ള പണം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോയെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ നിയമപരമായും ധാർമ്മികമായും ബാധ്യതയുള്ള സ്ഥാപനങ്ങൾ അവയുടെ വാർഷിക കണക്കുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് ജനാധിപത്യ വ്യവസ്ഥിതിയിൽ അഭിലഷണീയമായ നടപടിയല്ലെന്ന് സമിതി കരുതുന്നു.

5. അതത് സാമ്പത്തികവർഷം അവസാനിച്ചശേഷം 9 മാസത്തിനുള്ളിൽ, അതാത് വർഷം ഡിസംബർ 31-ാം തീയതിക്കു മുമ്പായി, സ്ഥാപനങ്ങൾ അവയുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും സഭ മുമ്പാകെ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുക എന്നതാണ് സമിതിയുടെ ഒരു പ്രധാന ചുമതല. പതിമൂന്നാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-14) 2011 ഒക്ടോബർ മാസം 21-ാം തീയതി നിലവിൽ വന്നശേഷം ആകെ 56 യോഗങ്ങൾ ചേരുകയുണ്ടായി. സമിതിയുടെ പ്രവർത്തനവും ഇടപെടലുകളുംകൊണ്ട് പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളും കണക്കുകളും നിയമസഭയിൽ സമർപ്പിക്കുന്നതിന്റെ വേഗത ത്വരിതപ്പെടുത്തുവാൻ കഴിഞ്ഞെങ്കിലും സമിതി ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

6. പതിമൂന്നാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി, യഥാസമയം സഭയിൽ സമർപ്പിക്കുവാൻ കഴിയാതെ വന്ന നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് പരിശോധിച്ചു. ഒരു സാമ്പത്തിക വർഷത്തെ റിപ്പോർട്ടുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച് അഞ്ചോ ആറോ വർഷം കഴിഞ്ഞ് സമർപ്പിക്കുന്നത് റിപ്പോർട്ട് സമർപ്പണത്തിന്റെ യഥാർത്ഥ ലക്ഷ്യം നിറവേറ്റുന്നതിന് പര്യാപ്തമല്ലെന്ന് സമിതി നിരീക്ഷിച്ചു. (മൂന്ന് വർഷത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു).

7. സമിതിക്ക് പരിശോധിക്കാൻ സാധിച്ച ഏതാനും സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു:

(1) **റോഡ്സ് ആന്റ് ബ്രിഡ്ജ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2012-13-ലെ റിവ്യൂ വ്യക്തമാക്കുന്നത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ 2010-11

വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ്. ഈ സ്ഥാപനത്തിന്റെ 2010-11 വർഷം വരെയുള്ള വാർഷിക കണക്കുകളും റിപ്പോർട്ടും സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ 2005-06, 2006-07, 2007-08, 2008-09, 2009-10 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുവാൻ വന്ന കാലതാമസത്തിന് ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) **ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2012-13-ലെ റിവ്യൂ പ്രകാരം 2008-09 വരെയുള്ള ഓഡിറ്റ് മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. 2003-04 വരെയുള്ള വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ 2003-04-ലെ വാർഷിക റിപ്പോർട്ടിന്മേലും കണക്കുകളിന്മേലും ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ കർശന നിർദ്ദേശങ്ങളും ശുപാർശകളും ഉണ്ടായിരുന്നിട്ടും 2004-05 മുതൽക്കുള്ള 9 വർഷത്തെ റിപ്പോർട്ട് ഇനിയും സമർപ്പിക്കാനുണ്ട്, റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടില്ലായെന്നത് സമിതി ഗൗരവത്തോടെ വീക്ഷിക്കുകയും ഇത്തരത്തിൽ വീഴ്ചവരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

(3) **കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്**

വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2012-13-ലെ റിവ്യൂ പ്രകാരം 2012-13 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി യിട്ടുണ്ട്. 2012-13 വരെയുള്ള വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2011-12 വരെയുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(4) **കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ**

ഭക്ഷ്യ പൊതുവിതരണ വകുപ്പിനു കീഴിലുള്ള ഈ സ്ഥാപനം ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2012-13-ലെ റിവ്യൂ റിപ്പോർട്ടനുസരിച്ച് 2011-12 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 2010-11-ലെ വാർഷിക റിപ്പോർട്ടിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് പരിശോധിക്കുകയും പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും ഡിലേ സ്റ്റേറ്റ്മെന്റിൽ പ്രതിപാദിച്ചിരിക്കുന്നതുപോലുള്ള അനാവശ്യ വിശദീകരണങ്ങൾ ഭാവിയിൽ ഒഴിവാക്കണമെന്നും വകുപ്പുകൾക്ക് സർക്കാർ നയങ്ങളെ വിമർശിക്കാൻ അധികാരമില്ലെന്നും ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ചു.

(5) **കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി**

കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമ പദ്ധതിയുടെ 2009-10 വരെയുള്ള വർഷത്തെ ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുകയും പ്രസ്സിൽ അച്ചടിക്കാൻ നൽകിയതും തിരികെ ലഭിച്ചതുമായ തീയതികൾ വ്യക്തമാക്കാത്തതിനുള്ള കാരണം വിശദമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

(6) **കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2007-08, 2009-10 വരെയുള്ള വർഷത്തെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(7) **ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്**

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ 2011-12 വരെയുള്ള ഭരണ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. ഡിലേ സ്റ്റേറ്റ്മെന്റ് പരിശോധിക്കുകയും കാലതാമസത്തിനുള്ള കാരണം തൃപ്തികരമല്ലാത്തതിനാൽ ബന്ധപ്പെട്ട വകുപ്പിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു.

(8) **വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ**

ഈ സ്ഥാപനത്തിന്റെ 2011-12 വർഷം വരെയുള്ള വാർഷിക റിപ്പോർട്ടിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും ഡിലേ സ്റ്റേറ്റ്മെന്റ് അച്ചടിക്കുന്നതിലുണ്ടായ കാലതാമസത്തെക്കുറിച്ച് അച്ചടിവകുപ്പിനോട് വിശദീകരണം തേടിയിട്ടുണ്ട്.

(9) **കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി**

കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതിയുടെ 2007-08, 2008-09 വരെയുള്ള വർഷത്തെ ഭരണ/ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. വകുപ്പ് ലഭ്യമാക്കിയ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിക്കുകയും കാലതാമസത്തിനുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ ബന്ധപ്പെട്ട വകുപ്പിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(10) **സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്**

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് 2011-12 വരെയുള്ള വർഷത്തെ ഭരണ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണ റിപ്പോർട്ടിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിക്കുകയും ഡിലേ സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുവാനുണ്ടായ കാലതാമസ ത്തിനുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ അതിനുള്ള വ്യക്തമായ വിശദീകരണം ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(11) **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)-യുടെ 2009-10 വരെയുള്ള വർഷത്തെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. വാർഷിക റിപ്പോർട്ടിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും റിപ്പോർട്ട് അംഗീകരിച്ച തീയതി മുതൽ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന തീയതി വരെ ഉൾക്കൊള്ളിച്ച് വ്യക്തമായ വിശദീകരണം ബന്ധപ്പെട്ട വകുപ്പിനോട് ആരാഞ്ഞിട്ടുണ്ട്.

(12) **ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്)**

ഈ സ്ഥാപനത്തിന്റെ 2010-11 വർഷത്തെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. വാർഷിക റിപ്പോർട്ടിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട്.

8. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും പൂട്ടിക്കിടക്കുകയോ അടച്ചുപൂട്ടലിന്റെ വക്കിലോ ആണെന്നതിനാൽ ഇവയിൽ പണിയെടുക്കുന്ന തൊഴിലാളികളും അവരുടെ കുടുംബങ്ങളും ദയനീയമായ അവസ്ഥയിലാണ്. ഓരോ സ്ഥാപനവും അവയുടെ പ്രവർത്തനം, സാമ്പത്തികസ്ഥിതി എന്നീ വിവരങ്ങളടങ്ങിയ റിപ്പോർട്ടുകൾ യഥാവിധി സമർപ്പിച്ചാൽ മാത്രമേ സാമാജികർക്ക് അത് പരിശോധിക്കുവാനും അത്തരം കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി ഈ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുവാനും ആയതിനു കഴിയാത്തവയിൽ ഗവൺമെന്റ് ധനം ദുർവിനിയോഗം ചെയ്യാതിരിക്കുവാനുമുള്ള നടപടികൾ നിർദ്ദേശിക്കുവാനും കഴിയുകയുള്ളൂ. 1991-92 മുതൽ കണക്കുകൾ സഭയിൽ സമർപ്പിക്കാത്ത സ്ഥാപനങ്ങളുണ്ടെന്ന് സമിതി മനസ്സിലാക്കി. വിവിധ വകുപ്പുകളുടെ ഭരണച്ചുമതലയിൽവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വാർഷിക റിപ്പോർട്ടുകളും കണക്കുകളും യഥാസമയം സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥൻമാർ ശ്രദ്ധ പതിപ്പിച്ചാൽ കാര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ടുമെന്നതിന് രണ്ടുപക്ഷമില്ല.

ശുപാർശകൾ

9. അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെത്തുന്ന റിപ്പോർട്ടുകൾ നിയമസഭാ സെക്രട്ടേറിയറ്റിന് കൈമാറുന്നതിന് ഒരു വർഷത്തിലേറെ കാലതാമസം വരുത്തുന്നുവെന്നും ഇത്തരത്തിൽ കാലതാമസം വരുത്തുന്നതിന് നീതീകരണമില്ലെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കേണ്ടത് ഭരണ വകുപ്പുകളുടെ കർത്തവ്യമാണെന്നും അഭിപ്രായപ്പെട്ട സമിതി ഇത്തരത്തിൽ കാലതാമസം വരുത്തുന്നതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണ മെന്ന് ശുപാർശ ചെയ്യുന്നു.

10. നിയമസഭയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കണമെന്ന് കർശന നിർദ്ദേശം നിലവിലുണ്ടായിട്ടും അവ യഥോചിതം പാലിക്കപ്പെടുന്നില്ലെന്ന് സമിതി വിലയിരുത്തി. സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ പല വകുപ്പുകളും കാര്യമായി എടുക്കാറില്ലെന്നും, ഈ പ്രവണത ഒഴിവാക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ ഒരിക്കൽ കുടിശ്ശിക വന്നുപോയാൽ പിന്നീട് വരുന്നവർഷങ്ങളിലും സ്ഥാപനങ്ങൾ അത് തുടർന്നുപോകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. നിലവിലുള്ള കുടിശ്ശിക വേഗത്തിൽ തീർക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നല്കാറുണ്ടെങ്കിലും പല സ്ഥാപനങ്ങളും ഇക്കാര്യത്തിൽ ശുഷ്കാന്തി കാണിക്കുന്നില്ല എന്ന് സമിതി വിലയിരുത്തി. നിലവിലുള്ള കുടിശ്ശിക തീർക്കുന്ന കാര്യത്തിലും പുതിയതായി കുടിശ്ശികയുണ്ടാവുന്നത് ഒഴിവാക്കുന്ന കാര്യത്തിലും സ്ഥാപനങ്ങളുടെ പുരോഗതി തൃപ്തികരമല്ല. ബോർഡ് യോഗങ്ങളുടെയും അധികാരസ്ഥാനങ്ങളുടെയും യോഗ അജണ്ടയിൽ, കുടിശ്ശികയുള്ള വർഷങ്ങളിലെ കണക്കുകൾ തീർക്കുന്നതും നടപ്പുവർഷത്തെ കണക്കുകൾ തയ്യാറാക്കുന്നതും സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി കുടിശ്ശിക തീർക്കുന്ന കാര്യത്തിൽ സത്വരനടപടി ഉണ്ടാകണമെന്ന് സമിതിയുടെ മുൻകാല റിപ്പോർട്ടുകളിലെ ശുപാർശകളിലൂടെ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ആയത് ആവർത്തിക്കുന്നതിൽ ആശങ്ക രേഖപ്പെടുത്തിയ സമിതി, സ്ഥാപനങ്ങൾ റിപ്പോർട്ടുകളുടെ കുടിശ്ശിക തീർക്കുന്ന കാര്യത്തിൽ സത്വര നടപടിയുണ്ടാവണമെന്ന് ശുപാർശ ചെയ്യുന്നു.

12. ഡിലേ സ്റ്റേറ്റ്മെന്റിൽ സഭയ്ക്ക് ബോദ്ധ്യമാകുന്നവിധമുള്ള കാരണം രേഖപ്പെടുത്തേണ്ടതാണെന്ന് 8-4-1994-ലെ പൊതുഭരണ വകുപ്പിന്റെ സർക്കുലറിൽ (അനുബന്ധം-II) സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ വകുപ്പുമേധാവികൾ മുഖേന ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങൾ അപ്രകാരമുള്ളവയല്ല എന്നതിൽ സമിതി അതിയായ ആശങ്ക രേഖപ്പെടുത്തുന്നു. "അച്ചടിച്ച് ലഭിക്കാനുണ്ടായ കാലതാമസം" ഒരു കാരണമായി ഡിലേ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയതായി കാണുന്നു. ആധുനിക സാങ്കേതിക സൗകര്യങ്ങൾ നിലവിലുള്ള ഈ കാലഘട്ടത്തിൽ റിപ്പോർട്ടുകൾ അച്ചടിച്ച് ലഭിക്കുന്നതിൽ വരുന്ന കാലതാമസം ഒരു കാരണമായി ഡിലേ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുന്നത് ന്യായീകരിക്കാവുന്നതല്ല. ഇത്തരം ഭരണഘടനാ ലംഘനങ്ങൾ ഇനിയും ഉണ്ടാകാതിരിക്കാനായി ചീഫ് സെക്രട്ടറിയുടെ ഭാഗത്ത് നിന്നും ശക്തമായ ഇടപെടലുകൾ ഉണ്ടാകണമെന്നും എല്ലാ വകുപ്പുകൾക്കും ഇതിൻപ്രകാരം കർശന നിർദ്ദേശം നൽകണമെന്നും ശുപാർശ ചെയ്യുന്നു. "ഭരണപരമായ കാരണങ്ങൾ" എന്നുള്ള വിശദീകരണവും തൃപ്തികരമല്ല. ഇത് വളരെ അവ്യക്തവും കൂടുതൽ വിശദീകരണം അർഹിക്കുന്നതുമാണ്. ആയതിനാൽ ഡിലേ സ്റ്റേറ്റ്മെന്റുകളിൽ ഇത്തരം ബാലിശമായ കാരണങ്ങൾ ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

13. ചില സ്ഥാപനങ്ങളിൽ കണക്കുകൾ കൈകാര്യം ചെയ്യാനറിയാവുന്ന ഉദ്യോഗസ്ഥരുടെ അഭാവവും ഇതിനായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് മറ്റു ചുമതലകൾ നല്കുന്നതും റിപ്പോർട്ട് യഥാസമയം സമർപ്പിക്കാൻ കഴിയാത്തതിനുള്ള കാലതാമസ ത്തിനുള്ള കാരണമായി ഡിലേ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിക്കാറുണ്ട്. സർക്കാർ ഇക്കാര്യം ഗൗരവത്തിലെടുക്കണമെന്നും കണക്കുകൾ കൈകാര്യം ചെയ്യാനറിയാവുന്നവരെത്തന്നെ ഇതിനായി നിയമിക്കാനുള്ള നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് നൽകുന്നതിൽ കമ്പനികളുടെ ഭാഗത്ത് കുറ്റകരമായ അലംഭാവവും വീഴ്ചയും ഉണ്ടാകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ കമ്പനി മേധാവികൾ കൂടുതൽ ശ്രദ്ധചെലുത്തണമെന്നും കൃത്യസമയത്ത് ഓഡിറ്റ് പൂർത്തിയാക്കാത്ത കമ്പനികൾക്കെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

15. പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് സഹായകമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ജോസ് തെറ്റയിൽ,

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*

2014 ജൂലൈ 17. *മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

അനുബന്ധം I

റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ

1991-92 വരെ റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനം

കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് .

1992-93 വരെ റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനം

കേരളാ സോപ്പ് ആന്റ് ഓയിൽസ് ലിമിറ്റഡ്.

1995-96 വരെ റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനം

കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്.

1998-99 വരെ റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനം

സിഡ്കെൽ ടെലിവിഷൻ ലിമിറ്റഡ്.

1999-2000 വരെ റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനങ്ങൾ

1. കെൽട്രോൺ റെക്റ്റിഫൈസ് ലിമിറ്റഡ്.
2. കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ.

2000-2001 വരെ റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനങ്ങൾ

1. കേരള സ്റ്റേറ്റ് ഹാൻഡികാപ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ.
2. കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്.

2001-2002 വരെ റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനങ്ങൾ

1. കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്.
2. ട്രിവാൻഡ്രം റബ്ബർ വർക്ക്സ് ലിമിറ്റഡ്.
3. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്.

2002-2003 വരെ റിപ്പോർട്ടുകൾ സമർപ്പിച്ച സ്ഥാപനങ്ങൾ

1. സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്.
2. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.

2003-2004 വരെ റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനം

ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് .

2004-2005 വരെ റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനങ്ങൾ

1. കേരള സ്കൂൾ ടീച്ചർ ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ.
2. കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്.

2005-2006 വരെ റിപ്പോർട്ടുകൾ സമർപ്പിച്ച സ്ഥാപനങ്ങൾ

1. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.
2. കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്.
3. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി, കളമശ്ശേരി.

2006-2007 വരെ റിപ്പോർട്ടുകൾ സമർപ്പിച്ച സ്ഥാപനങ്ങൾ

1. കേരള ചലച്ചിത്ര അക്കാദമി.
2. കേരള ഹിറ്റാച്ച് ഇൻഡസ്ട്രീസ് ലിമിറ്റഡ് ബ്രഹ്മോസ് എയ്റോ സ്പേസ്, തിരുവനന്തപുരം.
3. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.
4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ.

2007-2008 വരെ റിപ്പോർട്ടുകൾ സമർപ്പിച്ച സ്ഥാപനം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ.

2008-2009 വരെ റിപ്പോർട്ടുകൾ സമർപ്പിച്ച സ്ഥാപനങ്ങൾ

1. ഫോംമാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്.
2. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.
3. കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.
4. കേരള ഗാർമെന്റ്സ് ലിമിറ്റഡ്.
5. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്.
6. കേരള അംഗനവാടി വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
8. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി.
9. ഡി.എൽ.എസ്.എ., ആലപ്പുഴ.
10. ഡി.എൽ.എസ്.എ., എറണാകുളം.

11. ഡി.എൽ.എസ്.എ., വയനാട്.
12. കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്.
13. കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ.
14. കെ.എസ്.എച്ച്.ബി.
15. കേരള സ്റ്റേറ്റ് സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് ഇൻഡസ്ട്രീസ്.
16. കേരള ഓട്ടോ മൊബൈൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.
17. കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ എസ്.സി./എസ്.ടി. ലിമിറ്റഡ്.

<u>2009-2010 വരെ റിപ്പോർട്ടുകൾ സമർപ്പിച്ച സ്ഥാപനങ്ങൾ</u>

1. കെൽപാം.
2. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ.
3. കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്.
4. സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ.
5. കൊച്ചിൻ യൂണിവേഴ്സിറ്റി.
6. കണ്ണൂർ യൂണിവേഴ്സിറ്റി.
7. എം.ജി.യൂണിവേഴ്സിറ്റി.
8. ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ)ലിമിറ്റഡ്.
9. കെ.എസ്.എഫ്.ഇ.
10. ഗുരുവായൂർ ദേവസ്വം ബോർഡ്.
11. ഇംപ്ലിമെന്റേഷൻ ഓഫ് പേഴ്സൺസ് വിത്ത് ഡിസ് എബിലിറ്റീസ് ആക്ട് 1995
12. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
13. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ.
14. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്.
15. കേരള ആർട്ടിസാൻസ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.
16. കേരള കാഷ്യൂനട്ട് വർക്കേഴ്സ് റിലീഫ് വെൽഫെയർ ഫണ്ട് ബോർഡ്.
17. ഡി.എൽ.എസ്.എ., തൃശ്ശൂർ.

18. ഡി.എൽ.എസ്.എ., പാലക്കാട്.
19. ഡി.എൽ.എസ്.എ., മലപ്പുറം.
20. ഡി.എൽ.എസ്.എ., കോഴിക്കോട്.
21. ഡി.എൽ.എസ്.എ., കണ്ണൂർ.
22. ഡി.എൽ.എസ്.എ., കാസർഗോഡ്.
23. ഹോർട്ടികോർപ്പ്.
24. കെ.പി.എസ്.സി.
25. കൂടൽമാണിക്യം ദേവസ്വം.
26. ഐ.എം.ജി.
27. ഇൻഫർമേഷൻ കേരള മിഷൻ.
28. കേരള ഫിഷർമെൻ ഡെബ്റ്റ് റിലീഫ് കമ്മീഷൻ.
29. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
30. കേരള ബാർബർ ബ്യൂട്ടീഷ്യൻ വർക്കേഴ്സ് വെൽഫെയർ സ്കീം.
31. കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി.
32. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.
33. കേരള കയർ വർക്കേഴ്സ് ഫണ്ട് ബോർഡ്.

അനുബന്ധം II

GOVERNMENT OF KERALA

General Administration (Parliament) Department

CIRCULAR

No. 23166/Par-94/GAD. *Dated, Thiruvananthapuram, 8th April, 1994.*

Sub:—Delay in laying the papers on the Table of the Legislative Assembly—Guidelines to be followed while furnishing the statement explaining the circumstances for the delay—Ruling of the Honourable Speaker—Further instructions—Reg.

Ref:—Circular No.8428/Par-94/GAD. dated 29-1-1994.

Letter No. 45/OSI/94 dated 17-3-1994 from Sri K. G. Gopalakrishnan Asari, Special Private Secretary to Speaker.

Circular of even number dated 22-3-1994.

In the Circular first cited, all departments of the Secretariat have been requested to ensure that whenever there is delay in laying the papers on the Table of the Legislative Assembly a statement explaining the circumstances which had resulted in the delay in laying the papers would also be laid on the Table in accordance with the ruling of the Hon'ble Speaker. In the Circular third cited certain guidelines to be followed while furnishing such statements were issued. The Special Private Secretary to Speaker in his letter cited has since informed that the important points contained in the ruling dated 3-3-1994 of the Honourable Speaker have not been complied with while furnishing the statement explaining the reasons for the delay for laying the Annual Report of the Rehabilitation Plantations Ltd., for the year 1991-92 on the Table of the House. Seizing the matter the Honourable Speaker inter alia ruled that in future, the action of the officers which tantamount contravene the directions and ruling of the Chair will be treated as a serious breach of privilege of the House and the Members thereof as well as a grave contempt of the House and that he will be constrained to take action accordingly. In his ruling dated 17-3-1994 (copy enclosed). The Honourable Speaker has also streamlined the guidelines to be followed while

furnishing the statement explaining the circumstances for the delays in laying the papers on the Table of the House and in accordance with the said ruling and in modification of the Circular 3rd cited the following instructions are issued:

(i) As the responsibility for laying the statement on the Table of the House rests with the Government, the statement shall be that of the Government;

(ii) Reasons convincing to the House for the delay shall be recorded in the statement;

(iii) The Minister concerned shall authenticate the copy of the statement to be laid on the Table of the House;

(iv) An officer not below the rank of the Joint Secretary to Government shall record on the copies of the statement to be circulated to the Honourable Members that the Honourable Ministers has authenticated the copy to be laid on the Table of the House and then affix his/her signature thereon; and

(v) Whoever has signed on the statement the responsibility of what is contained in the statement shall rest with the concerned head of the department.

2. All departments (all sections) of the Secretariat including Law and Finance are directed to the comply with the above instructions scrupulously.

PALAT MOHANDAS,
Commissioner and Secretary.

To

All Officers and all Departments (all sections) of the Secretariat including Law and Finance.

Copy to: The Special Secretary to Speaker (with C.L.).
The Private Secretary to Chief Minister and all Ministers.
The Deputy Secretary to Chief Secretary.